# പതിനാലാം കേരള നിയമസഭ
# (പതിമൂന്നാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1518** **03.12.2018-ൽ മറുപടിയ്ക്ക്**

## മത്സ്യത്തൊഴിലാളി മേഖലയിലെ ഭവനനിർമ്മാണ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി. അബ്ദുറഹിമാൻ | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) മത്സ്യത്തൊഴിലാളി മേഖലയിൽ നടപ്പിലാക്കിയിട്ടുള്ള വിവിധ ഭവനനിർമ്മാണ പദ്ധതികൾ വളരെയേറെ ഫലം കണ്ടിട്ടുണ്ടെങ്കിലും ഇനിയും നിരവധി ഭവനരഹിതരും വാസയോഗ്യമല്ലാത്ത വീട്ടിൽ കഴിയുന്നവരും ഉണ്ടെന്നതിനാൽ ലൈഫ് പദ്ധതിക്ക് പുറമെ ഒരു സമ്പൂർണ്ണ ഭവനനിർമ്മാണ/പുനർ നിർമ്മാണ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമോ; | എ) ലൈഫ് പദ്ധതി ഒരു സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതിയാണ് . |
| ബി) മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കായി ആവിഷ്കരിച്ചിട്ടുള്ള ഫ്ലാറ്റ് നിർമ്മാണ പദ്ധതി കാലതാമസം കൂടാതെ നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | ബി) അതിനുപുറമേ തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന വരെ പുനരധിവസിപ്പിക്കുന്ന പദ്ധതി കളാണ് ഫിഷറീസ് വകുപ്പ് നിലവിൽ നടപ്പിലാക്കുന്നത്. തിരുവനന്തപുരം മുട്ടത്തറ വില്ലേജിൽ ഫിഷറീസ് വകുപ്പിന് കൈമാറി കിട്ടിയ 3.5ഏക്കർ സ്ഥലത്ത് 192 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് ഫ്ളാറ്റ് സമുച്ചയം നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. തിരുവനന്തപുരം കാരോട് വില്ലേജിൽ ഫിഷറീസ് വകുപ്പ് വിലയ്ക്ക് വാങ്ങിയ 105.55 ആർ സ്ഥലം, കണ്ണൂർ ആയിക്കര ഉപ്പാലവളപ്പ്, എന്നിവിടങ്ങളിൽ ഫ്ളാറ്റ് നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ആഫീസർ**